# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 21**

**JUNE 21** **2018**

***1193 മിഥുനം 7 വ്യാഴം***

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ചുമതലയേറ്റു**

പുരാവസ്തുവകുപ്പിലെ എഡ്യുക്കേഷൻ ഓഫീസറായിരുന്ന റ്റി.കെ.കരുണദാസ് വാസ്തുവിദ്യാഗുരുകുലത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റു. (പിഎൻപി 1600/18)

**ക്വിസ് മത്സരം നടത്തി**

വായനദിനവാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെയും നാഷണൽ സർവീസ് സ്കീമിന്റേയും സഹകരണത്തോടെ ജില്ലയിലെ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം നടത്തി. ജില്ലയിലെ പത്ത് സ്കൂളുകളിൽ നിന്ന് രണ്ട് പേർ വീതമുള്ള സംഘമാണ് മത്സരത്തിൽ പങ്കെടുത്തത്. മൂന്ന് റൗണ്ടുകളായി നടന്ന മത്സരത്തിൽ അമൃത വിദ്യാലയത്തിലെ അതുൽ കൃഷ്ണ, പി.ആർ ദേവജിത്ത് എന്നിവരടങ്ങിയ സംഘം ഒന്നാം സ്ഥാനവും, മർത്തോമ ഹയർസെക്കൻഡറി സ്കൂളിലെ അമൽ മോഹൻ, വിഷ്ണു നന്ദൻ എന്നിവരടങ്ങിയ സംഘം രണ്ടാം സ്ഥാനവും നേടി. വിജയികൾക്കുള്ള ഉപഹാരം 25ന് കോന്നി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ നടക്കുന്ന വായനവാരാചരണത്തിന്റെ സമാപന സമ്മേളനത്തിൽ വിതരണം ചെയ്യും. കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടത്തിയ ക്വിസ് മത്സരം കാതോലിക്കേറ്റ് കോളേജ് മുൻഅധ്യാപികയും സാമൂഹ്യ പ്രവർത്തകയുമായ ഡോ.എം.എസ് സുനിൽ നയിച്ചു. (പിഎൻപി 1601/18)

## സർട്ടിഫിക്കറ്റ് കോഴ്സ്

ആറന്മുള വാസ്തുവിദ്യാ ഗുരുകുലം നടത്തുന്ന ഒരു വർഷ സർട്ടിഫിക്കറ്റ് കോഴ്സി ലേക്ക് ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശ്വകർമ സമുദായത്തിലെ 30 വയസിന് താഴെയുള്ളവരായിരിക്കണം അപേക്ഷകർ. എസ്എസ്എൽസി പാസായിരിക്കണം. താത്പര്യമുള്ളവർ നാളെ (23) വാസ്തുവിദ്യാഗുരുകുലത്തിൽ നടക്കുന്ന ഇന്റർവ്യൂവിന് പങ്കെ ടുക്കണം. ഫോൺ: 0468 2319740. (പിഎൻപി 1602/18)

## സൈനിക ബോർഡ് യോഗം

ജില്ലാ സൈനിക ബോർഡ് യോഗം ജൂലൈ രണ്ടിന് ഉച്ചയ്ക്ക് ശേഷം 2.45ന് കളക്ട റുടെ ചേംബറിൽ നടക്കും. (പിഎൻപി 1603/18)

## തൊഴിലധിഷ്ഠിത കോഴ്സ്

അടൂർ എൽബിഎസ് സബ്സെന്ററിൽ ആരംഭിക്കുന്ന ഡേറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ് ആൻഡ് മലയാളം) കോഴ്സിലേക്ക് എസ്എസ്എൽസി പാസായവ ർക്ക് അപേക്ഷിക്കാം. നാല് മാസമാണ് കോഴ്സിന്റെ കാലാവധി. എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗക്കാർക്ക് ഫീസ് സൗജന്യമാണ്. ഫോൺ: 9947123177.

(പിഎൻപി 1604/18)

## ഐടിഐ പ്രവേശനം

റാന്നി ഗവൺമെന്റ് ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡുകളിൽ ആഗസ്റ്റ് സെഷനിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈനായി (www.itiranni.kerala.gov.in) ഈ മാസം 30നകം അപേക്ഷ നൽകണം. ഫോൺ: 04735 221085. (പിഎൻപി 1605/18)

## ഗസ്റ്റ് ലക്ചറർ ഒഴിവ്

പന്തളം എൻഎസ്എസ് പോളിടെക്നിക്ക് കോളേജിൽ ഇലക്ട്രിക്കൽ ആൻഡ് ഇല ക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗത്തിൽ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. ബി.ടെക് ഫസ്റ്റ് ക്ലാസ്/തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അസൽ സർട്ടിഫി ക്കറ്റുകളും ബയോഡേറ്റയും സഹിതം ഈ മാസം 26ന് രാവിലെ 10.30ന് പോളിടെ ക്നിക്കിൽ നേരിട്ട് ഹാജരാകണം. (പിഎൻപി 1606/18)

## കൃഷി ആനുകൂല്യത്തിന് അപേക്ഷിക്കാം

മല്ലപ്പുഴശേരി കൃഷിഭവന്റെ പരിധിയിൽ പച്ചക്കറി, കരനെല്ല് എന്നിവ കൃഷി ചെയ്യുന്നവരും ബയോഗ്യാസ് പ്ലാന്റ്, സീറോ എനർജി കൂൾ ചേംബർ എന്നിവ നിർമിക്കാൻ താത്പര്യമുള്ള കർഷകരും ആനുകൂല്യം ലഭിക്കുന്നതിന് കരം അടച്ച രസീത്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുമായി കൃഷി ഭവനിൽ അപേക്ഷിക്കണം. പച്ചക്കറി കർഷകർക്ക് സൗജന്യമായി അനുവദിച്ചിട്ടുള്ള നീറ്റുകക്ക കൃഷി ഭവനിൽ നിന്നും കൈപ്പറ്റണം. പിഎം കെഎസ്വൈ പദ്ധതിയിൽ കുറഞ്ഞത് 25 സെന്റ് സ്ഥലത്ത് പച്ചക്കറി, വാഴ, ഫലവൃക്ഷം ഇവ ചെയ്യുന്ന കർഷകർ പമ്പ് സെറ്റ്, ടില്ലർ, കാടുവെട്ട് യന്ത്രം തുടങ്ങിയവ ലഭിക്കുന്നതിനും അപേക്ഷിക്കാം. അത്യുത്പാദന ശേഷിയുള്ള വേരുപിടിപ്പിച്ച കരിമുണ്ട ഇനത്തിൽപ്പെട്ട കുരു മുളക് തൈകൾ സൗജന്യ നിരക്കിൽ കൃഷി ഭവനിൽ ലഭിക്കും. കർഷക രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്തവർ കൃഷിഭവനുമായി ബന്ധപ്പെടണമെന്നും കൃഷി ഓഫീസർ അറിയിച്ചു.

(പിഎൻപി 1607/18)

## എലിപ്പനി: അതീവ ജാഗ്രത പുലർത്താൻ നിർദേശം

ജില്ലയിൽ കഴിഞ്ഞ ജനുവരി മുതൽ ജൂൺ വരെ 68 പേർക്ക് എലിപ്പനി സ്ഥിരീകരിക്കുകയും പുറമറ്റത്ത് എലിപ്പനി ബാധിച്ച് കഴിഞ്ഞയാഴ്ച ഒരു എൻആർഇജിഎസ് തൊഴിലാളി മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും അതീവ ജാഗ്രത പുലർത്തണമെന്ന് കളക്ടറേറ്റിൽ എഡിഎം പി.റ്റി.എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുമേധാവികളുടെ യോഗത്തിൽ തീരുമാനിച്ചു. എലിപ്പനി ബാധ സ്ഥിരീകരിച്ചവരിൽ ഭൂരിപക്ഷവും തൊഴിലുറപ്പ് തൊഴിലാളികളാണ്. കനാലുകൾ വൃത്തിയാക്കുന്നതിനും ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടത്ര മുൻകരുതലുകൾ ഇല്ലാതെ വെള്ളത്തിൽ ഇറങ്ങിയതുമൂലമാണ് ഇവർക്ക് എലിപ്പനി ബാധിച്ചത്. കാലവർഷം ശക്തമായ സാഹചര്യത്തിൽ മൂന്നു മാസം തൊഴിലുറപ്പ് ജോലികളിൽ കനാൽ വൃത്തിയാക്കലും മലിനജലാശയങ്ങൾ വൃത്തിയാക്കലും പോലെയുള്ളവ ഒഴിവാക്കുകയോ വേണ്ടത്ര സുരക്ഷാ സംവിധാനങ്ങൾ തൊഴിലാളികൾക്ക് നൽകുകയോ ചെയ്യണമെന്ന് ഡിഎംഒ പറഞ്ഞു.

വെള്ളത്തിലിറങ്ങുന്ന തൊഴിലാളികൾക്കും കർഷകർക്കും മുൻകരുതൽ എന്ന നിലയിൽ ഡോക്സിസൈക്ലിൻ  ടാബ്‌ലറ്റുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. തൊഴിലുറപ്പ് തൊഴിലാളികൾ നിർബന്ധമായും ഈ ടാബ്‌ലറ്റുകൾ ആഴ്ചയിലൊരിക്കൽ കഴിക്കുവാൻ ശ്രദ്ധിക്കണം. വെള്ളക്കെട്ടുകളിലും നനവുള്ള പ്രതലങ്ങളിലുമാണ് എലിപ്പനിയുടെ രോഗാണുക്കൾ സജീവമായിരിക്കുന്നത്. എലികൾ, വളർത്തുമൃഗങ്ങൾ എന്നിവ ഇതിന്റെ രോഗാണുവാഹകരാണ്. ഇവയുടെ മൂത്രം കലർന്ന വെള്ളമോ മണ്ണോ ശരീരത്തിലെ മുറിവുള്ള ഭാഗവുമായി സമ്പർക്കത്തിൽ വരുമ്പോഴാണ് രോഗാണുക്കൾ മനുഷ്യരിലേക്ക് പ്രവേശിക്കുന്നത്. പനി, പേശിവേദന, കണ്ണിന് ചുവപ്പ് എന്നിവ പ്രധാന ലക്ഷണങ്ങളാണ്. ആന്തരിക അവയവങ്ങളെ ബാധിക്കുന്നതിനനുസരിച്ച് മഞ്ഞപ്പിത്തം, മൂത്രത്തിന്റെ അളവ് കുറയുക, മൂത്രത്തോടൊപ്പം രക്തം പുറത്തുവരിക, ചുമ, നെഞ്ചുവേദന എന്നിവയും ഉണ്ടാകും.

ഡങ്കിപ്പനി ബാധയിലും ജില്ലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഡങ്കിപ്പനിയിൽ നാല് തരം വൈറസുകളാണുള്ളത്. ഇതിൽ ഏറെ അപകടകരമായ ടൈപ്പ് ത്രീ വൈറസിന്റെ സാന്നിധ്യം ജില്ലയിൽ കഴിഞ്ഞ ദിവസം സ്ഥിരീകരിച്ചു. നാറാണംമൂഴി പഞ്ചായത്തി ൽ 11 വയസുള്ള കുട്ടിയ്ക്കാണ് ടൈപ്പ് ത്രീ വൈറസ് സ്ഥിരീകരിച്ചത്. ഈ സീസണിൽ 300 ലധികം ഡങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുകയും ഒരാൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ഡങ്കിപ്പനി വർദ്ധനവിന്റെ പ്രധാന കാരണം ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളും മാലിന്യ നിക്ഷേപങ്ങളുമാണ്. തരിശായി കിടക്കുന്ന സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഇത് ഒഴിവാക്കുന്നതിന് അടിയന്തര പരിഹാരം എന്ന നിലയിൽ ക്ലോറിനേഷൻ നടത്തുന്നതോടൊപ്പം കൃഷി വകുപ്പ് ദീർഘകാല അടിസ്ഥാനത്തിൽ തരിശ് ഒഴിവാക്കുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തണം. വാർഡുതല ശുചിത്വ സമിതികളുടെ പ്രവർത്തനം മിക്ക പഞ്ചായത്തുകളിലും കാര്യക്ഷമമല്ലെന്ന വിലയിരുത്തലാണ് യോഗത്തിലുണ്ടായത്. ഓരോ വാർഡിലും ശുചികരണ പ്രവർത്തനങ്ങൾക്ക് 25000 രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും പകുതിയോളം പഞ്ചായത്തുകൾ ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. തോട്ടങ്ങളിൽ ചിരട്ടകൾ കമിഴ്ത്താതിരിക്കുകയും മാലിന്യ നിക്ഷേപം നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും.

ജില്ലയിലെ തട്ടുകടകൾ മാലിന്യങ്ങൾ ഓടകളിലേക്ക് ഒഴുക്കുന്നതുമൂലം വലിയ ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. ഇക്കാര്യത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന തട്ടുകടകൾക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി. ശുചിയായ പരിസരമില്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

നൽകാൻ പാടില്ലെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദേശമുണ്ട്. ഇത് കർശനമായി നടപ്പാക്കാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നെങ്കിലും ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല എന്ന് യോഗം വിലയിരുത്തി. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ സ്കൂളുകളിലെ ഫിറ്റ്നസുമായി ബന്ധപ്പെട്ട വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. സ്കൂളുകൾക്ക് അപകടകരമായി സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ ഉൾപ്പെടെ വെട്ടിമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടത് പഞ്ചായത്ത് സെക്രട്ടറിമാരാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാത്ത പക്ഷം ദുരന്തങ്ങളുടെ പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർക്കായിരിക്കും.

യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.റ്റി.അനിതാകുമാരി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1608/18)

## വനിതാ കമ്മീഷൻ അദാലത്തിൽ മോശമായി പെരുമാറിയ അഭിഭാഷകനെ പുറത്താക്കി

സൂപ്പർമാർക്കറ്റ് ഉടമയ്ക്ക് വേണ്ടി വനിതാകമ്മീഷനിൽ ഹാജരാകാനെത്തിയ അഭിഭാഷകനെ മോശം പെരുമാറ്റത്തിന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ നിന്ന് പുറത്താക്കി. കമ്മീഷൻ അംഗം ഷാഹിദ കമാലിന്റെ നേതൃത്വത്തിൽ ഇന്നലെ (21) നടന്ന അദാലത്തിലാണ് പത്തനംതിട്ടയിലെ അഭിഭാഷകൻ പരാതി കക്ഷികളെത്തുന്നതിന് മുമ്പ് തന്നെ കേൾക്കണമെന്ന് ആവശ്യവുമായി കമ്മീഷൻ അംഗത്തോട് മോശമായി പെരുമാറിയത്.

പത്തനംതിട്ടയിലെ ഒരു സൂപ്പർമാർക്കറ്റിൽ ജീവനക്കാരിയായിരുന്ന വികലാംഗയും വൃക്കരോഗിയുമായ വനിതയെ സൂപ്പർമാർക്കറ്റിന്റെ ചുമതലക്കാരൻ അകാരണമായി ശകാരിക്കുകയും ബില്ലുകൾ കീറി മുഖത്തെറിയുകയും ചെയ്തതിനെതുടർന്ന് ബോധരഹിതയായി. ഇവരുടെ ഭർത്താവ് സ്ഥലത്തെത്തി മുളക്കുഴയിലുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും സ്ഥിതി ഗുരുതരമായതിനാൽ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. സംസാരശേഷി പൂർണമായും നഷ്ടപ്പെട്ട സ്ത്രീ ചികിത്സകൾക്ക് ശേഷം മടങ്ങി വീട്ടിലെത്തിയ ശേഷമാണ് വനിതാ കമ്മീഷനിൽ പരാതി നൽകിയത്. ഈ പരാതിയിന്മേൽ അന്വേഷണത്തിനായി വനിതാ കമ്മീഷൻ സൂപ്പർമാർക്കറ്റ് ഉടമയേയും പരാതിക്കാരിയെയും വിളിപ്പിച്ചിരുന്നു. പരാതിക്കാരി എത്തുന്നതിന് മുമ്പുതന്നെ തന്റെ കക്ഷിയുടെ വാദം കേൾക്കണമെന്ന ആവശ്യവുമായി ആദ്യം വനിതാ കമ്മീഷൻ ജീവനക്കാരോടും പിന്നീട് കമ്മീഷൻ അംഗത്തോടും അഭിഭാഷകൻ തട്ടിക്കയറുകയായിരുന്നു. ഇദ്ദേഹത്തിനെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്നും പരാതിയിന്മേൽ കൂടുതൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുമെന്നും കമ്മീഷൻ അംഗം ഷാഹിദ കമാൽ പറഞ്ഞു. വനിതാ കമ്മീഷനിൽ പരാതികൾ കക്ഷികളിൽ നിന്നും നേരിട്ട് കേൾക്കുന്നതിനാണ് കമ്മീഷൻ ശ്രമിക്കുന്നത്. പരാതിയുമായി എത്തുന്നവർ ഭൂരിപക്ഷവും ഏറെ പാവപ്പെട്ടവരാണ്. ഇവർക്കെതിരെ വാദിക്കുന്നതിന് അഭിഭാഷകരുമായി എത്തുന്ന എതിർകക്ഷികളുടെ നടപടി കമ്മീഷൻ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും കമ്മീഷനംഗം പറഞ്ഞു.

റാന്നിയിലെ ഒരു എയ്ഡഡ് കോളേജിലെ പ്രിൻസിപ്പലായ വനിത കോളേജിലെ ഹെഡ് അക്കൗണ്ടന്റിന്റെ ഭാഗത്തുനിന്ന് സ്ഥിരമായുണ്ടാകുന്ന മോശം പെരുമാറ്റത്തെക്കുറിച്ചുള്ള പരാതിയുമായാണ് അദാലത്തിലെത്തിയത്. സഹപ്രവർത്തകരുടെ മുമ്പിൽ ലൈംഗികമായ പരാമർശങ്ങൾ നടത്തി തന്നെ അപമാനിക്കാൻ ഹെഡ് അക്കൗണ്ടന്റ് സ്ഥിരമായി ശ്രമിക്കുന്നു എന്നതായിരുന്നു പ്രിൻസിപ്പലിന്റെ പരാതി. ഇതു സംബന്ധിച്ച് കോളേജിന്റെ മാനേജർക്കും മറ്റ് ബന്ധപ്പെട്ടവർക്കും പരാതി നൽകിയിരുന്നുവെങ്കിലും യാതൊരു നടപടിയും

ഉണ്ടാകാതിരിക്കുകയും പരാതി കക്ഷിയെ വീണ്ടും അപമാനിക്കുവാൻ ശ്രമിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് പ്രിൻസിപ്പൽ പരാതിയുമായി കമ്മീഷനിലെത്തിയത്. വരും തല മുറയെ ശരിയായ രീതിയിൽ നയിക്കേണ്ട ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ പ്രിൻസിപ്പലിന് പോലും ഇത്തരത്തിലുള്ള അനുഭവങ്ങളാണ് ഉണ്ടാകുന്നതെങ്കിൽ ഇത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ അവസ്ഥ എന്തായിരിക്കുമെന്ന് കമ്മീഷൻ എതിർ കക്ഷികളോട് ചോദിച്ചു. എതിർ കക്ഷികളെ ശിക്ഷിക്കണമെന്ന് താൻ ആവശ്യപ്പെടുന്നില്ലെന്നും എന്നാൽ ഇത്തര ത്തിലുള്ള പെരുമാറ്റങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നിർദേശം കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും പ്രിൻസിപ്പൽ അഭ്യർഥിച്ചു. കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഒരു സൗഹൗദാന്തരീക്ഷം പ്രിൻസിപ്പലും ജീവനക്കാരും മാനേജ്മെന്റും തമ്മിൽ ഉണ്ടാകണ മെന്നും പരാതിയിൽ ഉന്നയിച്ചതുപോലെയുള്ള പെരുമാറ്റങ്ങൾ ഭാവിയിൽ ഉണ്ടാകാൻ പാടില്ലെന്നും കമ്മീഷൻ കോളേജ് മാനേജ്മെന്റിന് കർശന താക്കീത് നൽകി. ഇത്തരത്തിൽ വീണ്ടും പരാതികൾ ഉണ്ടായാൽ വനിതാ കമ്മീഷൻ ഇടപെടുമെന്നും അറിയിച്ചു.

കോന്നി സർവീസ് സഹകരണ ബാങ്കിലെ ചിട്ടിതട്ടിപ്പുമായി ബന്ധപ്പെട്ട് അംഗത്വം റദ്ദാ ക്കണമെന്ന ആവശ്യത്തിന്മേൽ പരാതിക്കാരിയായ സുജയുടെ അംഗത്വം റദ്ദാക്കിയതായി സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ കമ്മീഷനെ അറിയിച്ചു. ചിട്ടി തട്ടിപ്പുമായി ബന്ധ പ്പെട്ട അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരിക്കുകൂടി നൽകണമെന്ന് കമ്മീഷൻ സഹകരണ വകുപ്പിന് നിർദേശം നൽകി.

ആകെ 90 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. ഇതിൽ 26 പരാതികൾ തീർപ്പു കൽപ്പിച്ചു. 47 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റിവച്ചു. നാലെണ്ണം കൗൺസിലിംഗിനും 13 എണ്ണം റിപ്പോർട്ടിനായി വിവിധ വകുപ്പുകൾക്കും കൈമാറി.

എഡിഎം പി.റ്റി.എബ്രഹാം, ജില്ലാ സാമൂഹ്യനീതി ഓഫീസർ എൽ.ഷീബ, അഡ്വ. എസ്.സീമ, സബീന, സാലി ജോൺ, റഷീദ, കെ.കെ.രമ്യ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1609/18)

## യോഗാദിനം ആചരിച്ചു

ആയുഷ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അയിരൂർ രാമേശ്വരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളി ൽ യോഗ ദിനം ആചരിച്ചു. ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, സ്ഥിരം സമിതി അധ്യക്ഷ കെ.ജി.അനിത, അയിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തോമസ് തമ്പി, വൈസ് പ്രസിഡന്റ് വത്സമ്മ തോമസ്, ഹോമിയോപ്പതി വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ഗുരുപ്രസാദ്, ആയുഷ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.അജൂറ, ആയൂർവേദാശുപത്രി സൂപ്രണ്ട് ഡോ. സൂസൻ പി. ജോൺ, സ്കൂൾ പ്രിൻസിപ്പൽ ജയചന്ദ്രൻ, ഹെഡ്മിസ്ട്രസ് ടി.ആർ.ഗീത തുടങ്ങിയവർ സംസാരിച്ചു. ആയൂർവേദ ആശുപത്രിയിലെ യോഗ പ്രോജക്ട് മെഡിക്കൽ ഓഫീസർ ഡോ. ഓംനാഥിന്റെ നേതൃത്വത്തിൽ യോഗ പ്രകടനവും നടന്നു.

നെഹ്റു യുവകേന്ദ്രയും കാതോലിക്കേറ്റ് കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗദിനം കോളേജ് ആഡിറ്റോറിയത്തിൽ ആചരിച്ചു. നഗരസഭാധ്യക്ഷ രജനി പ്രദീപ് ഉദ്ഘാടനം ചെയ്തു. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ അധ്യ ക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ.മാത്യു ടി.ജോസഫ്, അഡ്വ.സുരേഷ് കുമാർ, എസ്.കൃഷ്ണകുമാർ, എൻഎസ്എസ് പ്രോഗ്രാം ഓഫിസർ ഡോ.ആർ.രേഖ, എൻസിസി ഓഫീസർ ജിജോ കെ.ജോസഫ്, കെ.വി.രഞ്ജിനി തുടങ്ങിയവർ പ്രസംഗിച്ചു. യോഗ ഗുരു സന്തോഷ് കുമാർ യോഗ പരിശീലനത്തിന് നേതൃത്വം നൽകി.

(പിഎൻപി 1610/18)

## ഡങ്കിപ്പനി : നാല് തരം വൈറസുകളും ജില്ലയിൽ സ്ഥിരീകരിച്ചു

ഡങ്കിപ്പനിക്ക് കാരണമായ നാല് തരം വൈറസുകളെയാണ് ഇതുവരെ കണ്ടെത്തിയിട്ടു ള്ളത്. ഈ നാലുതരം വൈറസുകളുടെയും സാന്നി ധ്യം ജില്ലയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ഡങ്കിപ്പനി സ്ഥിരീകരിച്ച രോഗികളിൽ നിന്നും രക്തസാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ നൽകിയിരുന്നു. ഈ പരിശോധയിൽ ടൈപ്പ് ത്രീ വൈറസിന്റെ സാന്നിധ്യവും ജില്ലയിലുണ്ടെന്ന് വ്യക്തമായി. മറ്റ് മൂന്നുതരം വൈറസുകളെ അപേക്ഷിച്ച് ടൈപ്പ് ത്രീ വൈറസുകൾ കൂടുതൽ മാരകമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ. എൽ.ഷീജ അറിയിച്ചു. ആവർത്തിച്ചുള്ള രോഗബാധ മരണനിരക്ക് കൂടുന്നതിന് കാരണമാകുന്നതിനാൽ ഡങ്കി വൈറസുകളെ മനുഷ്യനിലെത്തിക്കുന്ന ഈഡിസ് കൊതുകുകളെ ഇല്ലാതാക്കുന്ന പ്രവർത്തനത്തിൽ എല്ലാവരുടെയും ആത്മാർഥമായ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും ഡിഎംഒ അഭ്യർഥിച്ചു. (പിഎൻപി 1611/18)

## ഡങ്കിപ്പനി ബോധവത്ക്കരണം

ആറന്മുള പഞ്ചായത്തിൽ നടക്കുന്ന ഡങ്കിപ്പനി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെയും വല്ലന സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ആറന്മുള ശ്രീവിജയാനന്ദ വിദ്യാപീഠം ഹൈസ്കൂളിൽ വിദ്യാർഥികൾക്കായി ആരോഗ്യബോധവത്ക്കരണ ക്ലാസ് നടത്തി. ഹെഡ്മിസ്ട്രസ് എസ്.ലത, ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ.സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു. ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ എന്നിവർ ക്ലാസുകൾ നയിച്ചു. (പിഎൻപി 1612/18)

## എലിപ്പനി തടയാൻ ഡോക്സിസൈക്ലീൻ ടാബ്ലറ്റ് കഴിക്കണം

ജില്ലയിൽ തൊഴിലുറപ്പ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ, ഓടകൾ, കുളം, കനാലുകൾ എന്നിവ വൃത്തിയാക്കുന്നവർ തുടങ്ങി മലിനജലവുമായി സമ്പർക്കമുണ്ടാക്കുന്ന ജോലികളിൽ ഏർപ്പെടുന്ന എല്ലാവരും എലിപ്പനി പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ ടാബ് ലറ്റുകൾ കഴിക്കണമെന്ന് ഡിഎംഒ അറിയിച്ചു. ഈ ടാബ് ലറ്റുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. (പിഎൻപി 1613/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ആഡിറ്റോറിയത്തിൽ നടന്ന യോഗ ദിനാചരണം നഗരസഭാധ്യക്ഷ രജനി പ്രദീപ് ഉദ്ഘാടനം ചെയ്യുന്നു.
2) ആയുഷ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അയിരൂർ രാമേശ്വരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന യോഗദിനാചരണം ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്യുന്നു.
3) വായനദിനവാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഡോ.എം.എസ് സുനിലിന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ക്വിസ് മത്സരം.
4) സംസ്ഥാന വനിതാകമ്മീഷൻ അംഗം ഷാഹിദ കമാൽ പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാൻഡിലെ ശുചിമുറി സംബന്ധിച്ച പരാതി കേൾക്കുന്നു.
5) കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിൽ കമ്മീഷൻ അംഗം ഷാഹിദ കമാൽ പരാതി കേൾക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 21**

**JUNE 21** **2018**

*1193 മിഥുനം 7 വ്യാഴം*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**പനി: 427 പേർ ചികിത്സ തേടി**

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (21) 427 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 11 പേരിൽ അഞ്ച് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. ഒരാൾക്ക് എലിപ്പനിയും രണ്ട് പേർക്ക് ഹെപ്പറ്റൈറ്റിസ് ബിയും ഒരാൾക്ക് ചിക്കൻപോക്സും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 59 പേർ ചികിത്സ തേടി. മലയാലപ്പുഴ, വല്ലന, ആനിക്കാട്, നാറാണംമൂഴി എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. എലിപ്പനി കടമ്മനിട്ടയിലും ഹെപ്പറ്റൈറ്റിസ് ബി മലയാലപ്പുഴയിലും മൈലപ്രയിലുമാണ് സ്ഥിരീകരിച്ചിട്ടുള്ളത്. (പിഎൻപി 1614/18)

**നഗരസഭാ ബസ് സ്റ്റാൻഡിലെ അസൗകര്യങ്ങളിൽ വനിതാ കമ്മീഷൻ കടുത്ത അതൃപ്തി രേഖപ്പെടുത്തി**

പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാൻഡിലെ ശോചനീയമായ അവസ്ഥയിൽ വനിതാ കമ്മീഷൻ കടുത്ത അതൃപ്തി രേഖപ്പെടുത്തി. പത്തനംതിട്ട കളക്ടറേറ്റിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിനുശേഷം കമ്മീഷൻ അംഗം ഷാഹിദ കമാലും ഉദ്യോഗസ്ഥരും നഗരസഭാ ബസ് സ്റ്റാൻഡ് സന്ദർശിച്ചിരുന്നു. ബസ് സ്റ്റാൻഡിലെ ശുചിമുറികൾ കെഎസ്ആർടിസിയിലെ വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവർ ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് സംബന്ധിച്ച മാധ്യമ വാർത്തകളെ തുടർന്നാണ് കമ്മീഷൻ ബസ് സ്റ്റാൻഡ് സന്ദർശിച്ചത്. ബസ്സ്റ്റാൻഡിൽ പ്രവർത്തിക്കുന്ന കെസ്ആർടിസിയിലെ ജീവനക്കാർക്ക് ശുചിമുറികൾ

ഉപയോഗിക്കുന്നതിന് പണം നൽകണമെന്ന നിബന്ധന ജീവനക്കാരെ ബുദ്ധിമുട്ടിക്കുന്നതാണ്. മുൻകാലങ്ങളിൽ സൗജന്യമായി ജീവനക്കാർക്ക് ടോയ്‌ലറ്റ് സൗകര്യം അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഈ സൗകര്യം പിൻവലിച്ചു. ജോലിക്കെത്തുന്ന ജീവനക്കാർ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് പണം നൽകണമെന്ന അവസ്ഥ അനീതിയാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഇക്കാര്യത്തിൽ പൂർവസ്ഥിതി പുനസ്ഥാപിക്കാൻ കമ്മീഷൻ നിർദേശം നൽകി. ഏറെ വൃത്തിഹീനമായിട്ടാണ് ശുചിമുറികൾ കാണപ്പെട്ടത്.ഇത് പരിഹരിക്കുന്നതിനും അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് കമ്മീഷൻ നിർദേശിച്ചു. ശബരിമല സീസണിന് പുറമെ എല്ലാ മലയാള മാസവും ഒന്നു മുതൽ അഞ്ച് വരെ തീർഥാടകർ ധാരാളമായി ബസ് സ്റ്റാൻഡിൽ എത്താറുണ്ട്. സീസണിലൊഴികെ ഒരു സമയത്തും ആവശ്യത്തിന് വെളിച്ചമോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്ത ബസ് സ്റ്റാൻഡ് തീർഥാടകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വെളിച്ചക്കുറവ് മൂലം രാത്രിയിൽ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുന്ന നഗരസഭാ ബസ് സ്റ്റാൻഡ് ഇവിടെയെത്തുന്ന സ്ത്രീകൾക്ക് പേടിസ്വപ്നമായി മാറുന്നു. ഇത് പരിഹരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ നഗരസഭാ അധികൃതർക്ക് നിർദേശം നൽകി. വനിതാ സെൽ ഉദ്യോഗസ്ഥരായ എസ്.ഉദയമ്മ, സാലി ജോൺ, അംഗം ഉഷാകുമാരി മാടമൺ, കമ്മീഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ കമ്മീഷനോടൊപ്പമുണ്ടായിരുന്നു. (പിഎൻപി 1615/18)

## ഇരവിപേരൂർ പഞ്ചായത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നു

കായികരംഗത്ത് ഇരവിപേരൂർ പഞ്ചായത്തിന് കരുത്തേകാൻ ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നു. കായിക മേഖലയുടെ വളർച്ചയ്ക്കായി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായാണ് സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നത്. കായിക താരങ്ങൾ, പരിശീലകർ, കായിക സംഘടനാ ഭാരവാഹികൾ, ക്ലബുകൾ എന്നിവരോടൊപ്പം കായിക പ്രേമികളെയും ഉൾപ്പെടുത്തിയാണ് കൗൺസിലിന്റെ രൂപീകരണം. സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനം, പരിശീലന പരിപാടികൾ, കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പഞ്ചായത്തുതല ടീം രൂപീകരണം, ടൂർണമെന്റുകളുടെ സംഘാടനം തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അത്‌ലറ്റിക്സിൽ ജൂനിയർ, സീനിയർ തലങ്ങളിൽ 50 പേർക്കും ഫുട്ബോളിൽ 72 പേർക്കും പരിശീലനം നൽകും. പരിശീലനാർഥികളുടെ സെലക്ഷൻ ക്യാമ്പുകൾ ഈ മാസം 23,24 തീയതികളിൽ സെന്റ് ജോൺസ് ഹൈസ്കൂൾ ഗ്രൗണ്ട്, നാഷണൽ ഹൈസ്കൂൾ ഗ്രൗണ്ട്, പഞ്ചായത്ത് സ്റ്റേഡിയം എന്നിവിടങ്ങളിൽ നടക്കും. പരിശീലന ക്യാമ്പുകൾ ജൂലൈ 15ന് ആരംഭിക്കും. സ്പോർട്സ് കൗൺസിലിന്റെ പ്രചരണ പരിപാടികൾക്കായി ഇരവിപേരൂർ സ്പോർട്സ് കൗൺസിൽ എന്നപേരിൽ വാട്സ്അപ്, ഫേസ്ബുക്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

സ്പോർട്സ് കൗൺസിൽ രൂപീകരണ യോഗം വള്ളംകുളം ഗവൺമെന്റ് യുപി സ്കൂളിൽ നടന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ഗീതാ അനിൽകുമാർ, വൈസ് പ്രസിഡന്റ് അഡ്വ. എൻ.രാജീവ്, അംഗങ്ങളായ പ്രജിത എൽ, ജോൺ വർഗീസ്, സാലി ജേക്കബ്, ബിന്ദു കെ. നായർ, അനസൂയ ദേവി, വി. കെ.ഓമനക്കുട്ടൻ, പ്രസന്നകുമാർ, സ്പോർട്സ് കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 1616/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ഇരവിപേരൂർ പഞ്ചായത്തിലെ സ്പോർട്സ് കൗൺസിൽ രൂപീകരണ യോഗം വള്ളംകുളം ഗവൺമെന്റ് യുപി സ്കൂളിൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ. അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്